(സി) കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ ധനലഭ്യത ക്കനുസരിച്ച് അനുയോജ്യമായ നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കു ന്നതാണ്.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
2. കേടായ പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ
3. പമ്പുസെറ്റ് മാറ്റി വയ്ക്കുന്ന പണികൾ
4. വാട്ടർ ലൈനുകളിലെ ലീക്കുകൾ മാറ്റുക
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈൻ നീട്ടുക
6. തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റുക മുതലായവ.

(ഡി) ഗ്രാമീണ മേഖലയുടെ പദ്ധതികൾ പൂർത്തിയാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിൽ മീറ്റിംഗുകൾ കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിവിധ തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയും കരാറുകാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സ്ഥലലഭ്യതയുടെ കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനുള്ള അനുമതി ത്വരിതപ്പെടുത്തുക മുതലായവ ചെയ്തുവരുന്നുണ്ട്.

ലബോറട്ടറികളെ നവീകരിക്കുന്നതിനുള്ള പദ്ധതി

17 (*227) ശ്രീ. പി. ജയരാജൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി പബ്ലിക് ഹെൽത്ത് ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) രോഗ നിർണ്ണയത്തിന് ആശുപത്രികളിലുള്ള ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം നേടുന്നതിനായി സർക്കാർ ആശുപത്രികളിലെ ലബോറട്ടറികളെ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

(എ) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും, റീജിയണൽ ലാബുകളിലും Automated-ഉം Semi-automated-ഉം ആയ ഉപകരണങ്ങൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലെ വിവിധ സെക്ഷനുകളായ ഡയഗ്നോസ്റ്റിക് ബയോകെമിസ്ട്രി, സി.എം.എൽ. എന്നിവയുടെയും ഒരു കോൺഫറൻസ് ഹാളിന്റേയും അറ്റകുറ്റപ്പണികൾ ഏകദേശം 20 ലക്ഷം രൂപ ചെലവിൽ നടത്തിയിട്ടുണ്ട്. എച്ച്ബി എ1.സി, എൽ.എച്ച്, എഫ്.എസ്.എച്ച്. പ്രൊലാക്ടീൻ. പി.എസ്.എ എന്നീ ടെസ്റ്റുകൾ തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ പുതുതായി തുടങ്ങിയിട്ടുണ്ട്. എച്ച്ബി എ1സി. ടെസ്റ്റ്, പ്രമേഹ രോഗികൾക്ക് ചികിത്സ നിർണ്ണയിക്കുന്നതിന് വളരെയധികം പ്രയോജനപ്രദമാണ്. എൽ.എച്ച്, എഫ്.എസ്.എച്ച് പ്രൊലാക്ടിൻ ടെസ്റ്റുകൾ വന്ധ്യതാ ചികിത്സക്ക് ആവശ്യമാണ്. പി.എസ്.എ. ടെസ്റ്റുകൾ, പ്രോസ്റ്റാറ്റിക് ട്യൂമറുകൾ നിർണ്ണയിക്കുന്നതിന് പ്രയോജനപ്രദമാണ്. എച്ച്1 എൻ1 ടെസ്റ്റിന് ആവശ്യമായ വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉണ്ടാക്കി എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്.

അസറ്റ് മെയിന്റനൻസിനുവേണ്ടി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന് 50 ലക്ഷം രൂപയും, എറണാകുളം റീജിയണൽ ലാബിന് 33.5 ലക്ഷം രൂപയും ആലപ്പുഴ ജില്ലാ ലാബിന് 10 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ അക്രഡിറ്റേഷന്റെ ഭാഗമായി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിനും എറണാകുളം റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിനും അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂരിൽ ഒരു റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് പുതുതായി ആരംഭിച്ചിട്ടുണ്ട്. 1-5-2010 മുതൽ പുളിങ്കുന്ന് ജെ.പി.എച്ച്.എൻ. സ്കൂളിൽ താല്ക്കാലികമായി പ്രവർത്തിച്ചുവന്ന ടി ലാബിന്റെ പ്രവർത്തനം 1-2-2011 മുതൽ ഏകദേശം ഒരു കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്.

(സി) രോഗനിർണ്ണയത്തിന് ആശുപത്രികളിലുള്ള ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ പരിധിയിൽ വരുന്ന നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽ ആന്റ് ഹെൽത്ത് കെയർ ഓർഗനൈസേഷന്റെ എസൻഷ്യൽ സ്റ്റാൻഡേർഡ് ഫോർ മെഡിക്കൽ ലബോറട്ടറീസ് എന്ന പ്രോഗ്രാം കേരളത്തിലെ സർക്കാർ ലാബുകളിൽ നടപ്പിലാക്കിവരുന്നു. ഇതുവരെ 116 ലബോറട്ടറികൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആശുപത്രി ലബോറട്ടറികളിലേക്ക് കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കിവരുന്നു. എൻ.ആർ.എച്ച്.എം. വഴിയും താല്ക്കാലിക അടിസ്ഥാനത്തിലും കൂടുതൽ ലബോറട്ടറി ടെക്നീഷ്യന്മാരെ നിയമിച്ച് ജില്ലാ/ജനറൽ ആശുപത്രികളുടെ പ്രവർത്തനം 24 മണിക്കൂറാക്കുകയും താലൂക്ക് ആശുപത്രികളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

'സ്റ്റാൻഡേഡൈസേഷൻ ആന്റ് അപ്ഗ്രഡേഷന്റെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പ്രവർത്തിക്കുന്ന ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും രോഗനിർണ്ണയത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 7,22,22,000 രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം നേടുന്നതിനുള്ള പദ്ധതി തുടങ്ങിയിട്ടില്ല.

ഭൂഗർഭജല പരിപോഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

18 (*228) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭ ജല പരിപോഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) ശാസ്ത്രീയമായി ഭൂഗർഭജലം വിനിയോഗിക്കുന്നതിന്റെ ഭാഗമായി എത്ര കുഴൽ കിണറുകൾ നിർമ്മിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പഴയ കുഴൽ കിണറുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഇ) കേരളത്തിലെ ഭൂഗർഭ ജല വിതാനത്തിൽ താഴ്ച ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; ഏതെല്ലാം പ്രദേശങ്ങളിലാണ് വളരെ കൂടുതൽ താഴ്ച ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ഭൂഗർഭജല പരിപോഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതി പ്രകാരം ചെറിയ ചെക്ക് ഡാമുകൾ, അടിയണകൾ, കിണർ, റീചാർജ്ജ്, മഴക്കുഴികൾ എന്നിവ ഭൂജലവകുപ്പ് വിവിധ ജില്ലകളിലായി നിർമ്മിക്കുന്നുണ്ട്. ഇതുകൂടാതെ സന്തുലിതമായ ഭൂജല ഉപയോഗത്തെക്കുറിച്ചും കൃത്രിമ ഭൂജല പരിപോഷണത്തെക്കുറിച്ചും അവബോധം വളർത്തുന്നതിലേക്കായി ദൃശ്യ, ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ വിവിധ ബോധവൽക്കരണ പരിപാടികൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly